ഭരണഭാഷ – മാതൃഭാഷ

**അടിയന്തിരം**

എ4/5395/2018

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം
തീയതി : 28/03/2017
Phone :0471-2305042
email: fisheriesdirector@gmail.com

**സർക്കുലർ**

വിഷയം : ഫിഷറീസ് - ജീവനക്കാര്യം - 2018-19 ജെ.ഡി.സി പരിശീലനം - ജീവനക്കാരെ നിയോഗിക്കുന്നത് - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന : സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ, കേരള അഡീഷണൽ രജിസ്ട്രാർ - സെക്രട്ടറിയുടെ 17/03/2018 ലെ റ്റി.ആർ/1/2018 നമ്പർ കത്ത്.

********

2018-19 വർഷത്തെ ജെ.ഡി.സി (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ) പരിശീലനം 04/06/2018-ന് ആരംഭിക്കുകയാണ് എന്ന് സൂചനയിലൂടെ അഡീഷണൽ രജിസ്ട്രാർ-സെക്രട്ടറി അറിയിച്ചിരിക്കുകയാണ്. ജെ.ഡി.സി കോഴ്സിന്റെ സിലബസ് പരിഷ്ക്കരിച്ച് കമ്പ്യൂട്ടർ വിഷയം ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ പേപ്പർ കൂടി ചേർത്തിട്ടുള്ളതിനാൽ കമ്പ്യൂട്ടർ ഫീസായ 3000/- രൂപയും സ്പെഷ്യൽ ഫീസിനത്തിൽ 2150/- രൂപയും ഉൾപ്പെടെ ആകെ. 5150/- രൂപ ബന്ധപ്പെട്ട സഹകരണ പരിശീലന കേന്ദ്രത്തിൽ പ്രവേശന സമയത്ത് അടയ്ക്കേണ്ടതുണ്ട്.

ഫിഷറീസ് വകുപ്പിലെ 25200 - 54000 ൽ കുറയാത്ത ശമ്പള സ്കെയിലിലുള്ള ജീവനക്കാരിൽ നിന്നും ടി ജെ.ഡി.സി കോഴ്സ് പരിശീലനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

താല്പര്യമുള്ളവർ ബന്ധപ്പെട്ട മേലധികാരി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും മേലധികാരി സേവന സംബന്ധമായ വിവരങ്ങൾ, പേര്, തസ്തിക, ജനനതീയതി, സേവനത്തിൽ പ്രവേശിച്ച തീയതി, ഇപ്പോഴത്തെ തസ്തികയിൽ പ്രവേശിച്ച തീയതി എന്നിവ സഹിതം അപേക്ഷകൾ 01/05/2018- ന് മുമ്പായി ഫിഷറീസ് ഡയറക്ടർ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. നിശ്ചിത സമയ പരിധിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷകർക്കു ടി പരിശീലന കാലയളവിനു ശേഷം കുറഞ്ഞതു അഞ്ചു വർഷത്തെ സേവനകാലം ഉണ്ടായിരിക്കേണ്ടതാണ്.

ഒപ്പ്/-
ജി.മധുസൂദനൻ പിള്ള
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഫിഷറീസ് ഡയറക്ടർക്കു വേണ്ടി.

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

എല്ലാ ഓഫീസ് മേലധികാരികൾക്കും - (എസ്റ്റാബ്ലിഷ്മെന്റുകൾക്കും)

സർക്കുലർ ഓഫീസിലെ എല്ലാ ജീവനക്കാർക്കും (ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) കാണുന്നതിനായി നൽകേണ്ടതാണ്

പകർപ്പ്

1. വെബ്സൈറ്റിലേക്ക്
2. നോട്ടീസ് ബോർഡിലേക്ക്
3. ശേഖര സഞ്ചയം / കരുതൽ ഫയൽ.

ജികെ.31.3.18